# മലയാളം കമ്പ്യൂട്ടിംഗ് ചില എളുപ്പവഴികൾ

## മൊഴി കീ ബോഡ് ഉപയോഗിച്ച് മലയാളം ടൈപ്പ് ചെയ്യുന്ന വിധം

### മലയാളം വായിക്കാൻ

ഇന്റർ നെറ്റിൽ കമ്പ്യൂട്ടർ വായിക്കാൻ യുണീകോഡ് ഫോണ്ട് എന്ന വെബ്ഫോണ്ടുകൾ ഇൻസ്റ്റാൾ ചെയ്യണം. തുടക്കത്തിലേ പറയട്ടേ, ഇത് ലിനക്സ് ഉപയോഗിക്കാത്ത വിരുതന്മാർക്കുള്ള നോട്ടാണ്. ലിനക്സിൽ മലയാളം യുണീക്കോഡ് ഫോണ്ടും അതിന്റെ ടൈപ്പിംഗ് ടൂളും ഒക്കെ inbuilt ആയി കൊടുത്തിട്ടുള്ളതുകൊണ്ട് താഴെ വിവരിക്കുന്ന പ്രക്രിയ ഒന്നും ആവശ്യമുണ്ടാവില്ല.

http://www.malayalam.kerala.gov.in/index.php/Fonts എന്ന ലിങ്കിൽ നിന്നും മലയാളം യുണീകോഡ് ഫോണ്ടുകൾ ഇൻസ്റ്റാൾ ചെയ്യാം. അല്ലെങ്കിൽ malayalam unicode fonts എന്ന് ഗൂഗിളിൽ ടൈപ്പ് ചെയ്ത് സെർച്ച് ചെയ്താൽ ലഭിക്കുന്ന ലിങ്കുകളിൽ ഏതെങ്കിലും നിന്ന് ഈ ഫോണ്ടുകൾ ഡൌൺലോഡാം.

(സെർച്ചിൽ സാധാരണ കിട്ടുന്നത് ഇനി കാണിക്കുന്ന ലിങ്കുകളായിരിക്കും. അവയിലേതെങ്കിലും ലിങ്കിൽ നിന്ന് ഡൌൺലോഡാം : http://www.chintha.com/malayalam_font_installation , http://www.prokerala.com/downloads/fonts.php,
http://indulekha.com/about/2005/11/download-malayalam-font.html )

ഫോണ്ട് ഡൌൺലോഡുമ്പോൾ അത് സാധാരണയായി my documents എന്ന ഭാഗത്തെ downloads എന്ന ഫോൾഡറിൽ വന്ന് സേവാകും. ആ ഫോൾഡർ തുറന്ന് ഫോണ്ട് കോപ്പി ചെയ്യുക. അതിനുശേഷം, my computer തുറന്ന് ആ പേജിന്റെ ഇടതുവശത്തായി കാണുന്ന control panel തുറന്ന് അതിലുള്ള fonts എന്ന ഫോൾഡറിൽ, കോപ്പി ചെയ്തെടുത്തിട്ടുള്ള ഫോണ്ട് പേസ്റ്റ് ചെയ്യണം. അല്ലെങ്കിൽ font folder – ൽ ഇടതുവശം മുകളിലായി install fonts എന്ന ഓപ്ഷനിലൂടെയും ഫോണ്ട് ഇൻസ്റ്റാൾ ചെയ്യാം) ഇപ്രകാരം ഏതെങ്കിലും വിധത്തിൽ ഫോണ്ട് ഇൻസ്റ്റാൾ ചെയ്തതിന് ശേഷം കമ്പ്യൂട്ടർ restart ചെയ്താൽ മലയാളം വായിക്കാൻ നിങ്ങളുടെ കമ്പ്യൂട്ടർ റെഡി. ഇപ്പോൾ ***നിങ്ങളുടെ കമ്പ്യൂട്ടർ നിങ്ങളുടെ ഭാഷയിലാകും.*** ഇനി വെബ് പേജുകളിൽ മലയാളത്തിന് പകരം കാണുന്ന ചതുരക്കള്ളികൾക്ക് പകരം മലയാളം തന്നെ കാണാനും വായിക്കാനുമാകും.

### മലയാളം എഴുതാൻ

നിരവധി സങ്കേതങ്ങളുണ്ട്. ലളിതമായ ഒന്ന്, കീമാജിക് എന്ന ഉപകരണം ഉപയോഗിച്ച് മൊഴി അഥവാ ലിപ്യന്തരണ രീതിയിൽ യുണീക്കോഡിൽ എഴുതുന്നതാണ്. മലയാളം അക്ഷരങ്ങൾക്ക് സമാനമായ ഇംഗ്ലീഷ് അക്ഷരങ്ങൾ ഉപയോഗിച്ച് ടൈപ്പ് ചെയ്യുമ്പോൾ മലയാളം വാക്കുകൾ ലഭിക്കുന്ന രീതിയാണ് മൊഴി ടൈപ്പിംഗ്. (ഉദാ: kaakka = കാക്ക) ഈ രീതിയിൽ ടൈപ്പ് ചെയ്യാവുന്ന കീമാജിക് ഉൾപ്പെടെ നിരവധി എഴുത്തുപകരണങ്ങൾ ഇന്ന് ഡൌൺലോഡു ചെയ്യാൻ കഴിയും. കീമാജിക് ഡൌൺ ലോഡ് ചെയ്യാനുള്ള ലിങ്ക് : http://code.google.com/p/naaraayam/downloads/list

ഇതിൽ കിട്ടുന്നില്ലെങ്കിൽ ഇവിടെ നോക്കുക : (http://code.google.com/p/keymagic/) ഇതിലും കിട്ടുന്നില്ലെങ്കിൽ keymagic for malayalam typing എന്ന് ഗൂഗിളിൽ പരതിയാൽ കിട്ടും. കീമാജിക് ഡൌൺലോഡിക്കഴിഞ്ഞാൽ അത് ഇൻസ്റ്റാൾ ചെയ്യണം. ഇൻസ്റ്റാൾ ചെയ്തു വരുമ്പോൾ അത് ടാസ്ക് ബാർ അഥവാ പാനലിൽ കാണിക്കണോ എന്ന് ചോദിക്കും. അപ്പോൾ

yes കൊടുക്കുക (ടിക് ചെയ്യുക). ഇൻസ്റ്റലേഷൻ പൂർത്തിയായാൽ സിസ്റ്റം റീസ്റ്റാർട്ട് ചെയ്യുക. ഇനി കീമാജിക്ക് കണ്ടുപിടിക്കാൻ all programme -ൽ ക്ലിക്ക് ചെയ്ത് നോക്കുക അവിടെ keymagic കാണാം. അതിൽ ക്ലിക്ക് ചെയ്യുക. താഴെയുള്ള ടാസ്ക്ബാർ / പാനലിന്റെ വലതുവശമായി ഇ / മ എന്ന അക്ഷരം തെളിഞ്ഞുകാണാം. ഈ അക്ഷരത്തിൽ ക്ലിക്ക് ചെയ്യുക. ഒരു ചെറിയ വിൻഡോ ഉയർന്നുവരും അതിൽ ഇൻസ്ക്രിപ്റ്റ് എന്നും മൊഴി എന്നും എഴുതിയിട്ടുണ്ടാകും. മൊഴിയിൽ (മ) ക്ലിക്ക് ചെയ്യുക. അപ്പോൾ ടാസ്ക് ബാറിൽ വലിയ അക്ഷരത്തിൽ "**മ**" എന്ന അക്ഷരം കാണാം. ഇപ്പോൾ കീമാജിക് ടൈപ്പ് ചെയ്യാൻ സന്നദ്ധമായെന്നാണ് അർത്ഥം. ഇനി ഏതെങ്കിലും വെബ് പേജിൽ മൌസ് ക്ലിക്ക് ചെയ്ത് അവിടെ മംഗ്ലീഷിൽ (മൊഴി) ടൈപ്പ് ചെയ്യാൻ ആരംഭിക്കുക. ഇടയ്ക്ക് ഇംഗ്ലീഷ് വേണമെന്ന് തോന്നുമ്പോൾ കീമാജിക്കിന്റെ ഐക്കണിൽ വീണ്ടും മൌസുവെച്ച് ക്ലിക്കുക. വലിയ "മ" ചെറുതായി കാണും. അപ്പോൾ മലയാളം മാറിയിരിക്കുന്നു എന്നർത്ഥം. ഇംഗ്ലീഷ് ടൈപ്പുക. തിരിച്ച് വീണ്ടും "മ" യിൽ ക്ലിക്കിയാൽ അത് വലുതായി കാണിക്കും. അപ്പോൾ വീണ്ടും മലയാളം ടൈപ്പിംഗിന് റെഡി എന്ന് മനസ്സിലാക്കാം. ഈ പ്രക്രിയയ്ക്ക് കീബോഡ് ഷോർട്ട് കട്ട് ഉണ്ട്. Ctrl + Shift + m ആണ് അത്. (കീകൾ ഒരുമിച്ച് ഞെക്കുക).

*ഇനി നിങ്ങൾക്ക് ടൈപ്പ് ചെയ്യേണ്ട വെബ് പേജ് ഓപ്പൺ ചെയ്യുക. അത് ഇ മെയിൽ കമ്പോസ് ചെയ്യുന്നതോ, ബ്ലോഗോ, ഫേസ്ബുക്കോ, ഓർക്കുട്ടോ, വെബ്സൈറ്റിലെ പേജോ എന്തുമാകട്ടെ, ആ പേജ് ഓപ്പൺ ചെയ്യുക. അടുത്തതായി, പ്രോഗ്രാം മെനുവിൽ ചെന്ന്, keymagic ക്ലിക്ക് ചെയ്യുക. അപ്പോൾ ടാസ്ക്ബാറിൽ/പാനലിൽ താഴെ വലതുവശമായിട്ട് മുൻപറഞ്ഞപോലെ 'മ' എന്നോ 'ഇ' എന്നോ അക്ഷരം കാണാം. അതിൽ ക്ലിക്ക് ചെയ്തോ, മേൽപ്പറഞ്ഞ Ctrl + Shift + m ഷോർട്ട്കട്ട് ഉപയോഗിച്ചോ കീമാജിക് ആക്ടിവേറ്റ് ചെയ്യുക. ("**മ**" ആക്കുക). ഇനി നേരത്തേ തുറന്നുവെച്ച വെബ് പേജിൽ മൌസിന്റെ കഴ്സർ കൊണ്ടുവെച്ച് "മംഗ്ലീഷിൽ" ധൈര്യമായി ടൈപ്പിക്കോളൂ...*

മൊഴി താഴെ കാണുംപ്രകാരം ടൈപ്പ് ചെയ്യുന്നു. വിശദമായ കീ ലേഔട്ട് താഴെ കൊടുത്തിട്ടുള്ള ചിത്രത്തിൽ കാണാം. ചിത്രത്തിൽ 'ആ' എന്ന് എഴുതുന്നതിന് രണ്ട് രീതികൾ (A , aa) കാണാം. (ഷിഫ്റ്റ് കീ ഞെക്കിപ്പിടിച്ച് ക്യാപിറ്റൽ എ എഴുതാം)

(**ഇ** എന്ന അക്ഷരം സൂചിപ്പിക്കുന്നത് ഇൻസ്ക്രിപ്റ്റ് ടൈപ്പിംഗ് രീതിയാണ്. ഇത് ഐ.എസ്.എം രീതി എന്ന് അറിയപ്പെടുന്നു. മലയാളം ഉൾപ്പെടെയുള്ള indic ഭാഷകൾ ടൈപ്പുചെയ്യുന്നതിനുള്ള ഏകീകൃത ടൈപ്പിംഗ് രീതിയായ ഇത് കുറേക്കൂടി ശാസ്ത്രീയമായ സമ്പ്രദായമാണ്. പക്ഷേ, പഠിക്കാൻ അല്പം ശ്രമിക്കണം. ഇതേപ്പറ്റി പിന്നീട് എഴുതാം.)

| | | | | |
|---|---|---|---|---|
| • ക = ka<br>• കാ = kaa അല്ലെങ്കി® kA<br>• കി = ki | • കീ = kii അല്ലെങ്കി® kI അല്ലെങ്കി® kee | • കു = ku<br>• കൂ = kU അല്ലെങ്കി® koo<br>• കൃ = kR<br>• ക® = kRR | • കെ = ke<br>• കേ = kE<br>• കൈ = kai<br>• കൊ = ko | • കോ = kO<br>• കൗ = kau<br>• കം = kam<br>• കഃ = kaH |

**<u>മൊഴി കീ ലേഔട്ട്</u>**

| സ്വരങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|
| അ | ആ | ഇ | ഈ | ഉ | ഊ | ഋ | ഌ |
| a | aa A | i | ii I ee | u | uu U oo | RR rr | l^^ |
| | ാ | ി | ീ | ു | ൂ | ൃ | |
| എ | ഏ | ഐ | ഒ | ഓ | ഔ | അം | അഃ |
| e | E | ai ei | o | O | au ou | am~ aM am_ | aH |
| െ | േ | ൈ | ൊ | ോ | ൗ ൌ | ം | ഃ |
| **വ്യഞ്ജനങ്ങൾ** | | | | | | | |
| ക | ഖ | ഗ | ഘ | ങ | | ങ്ക | ന്റെ |
| k | kh K | g | gh G | ng | | nk | nte |
| ച | ഛ | ജ | ഝ | ഞ | | റ്റ | ക്ഷ |
| ch | Ch chh | j | jh J | nj | | TT | x |
| ട | ഠ | ഡ | ഢ | ണ | | ക്യ | വൈ |
| t | T | D | Dh | N | | q | Y |
| ത | ഥ | ദ | ധ | ന | | ക്യ | ഞ്ച |
| th | thh Th | d | dh | n | | Q | nch |
| പ | ഫ | ബ | ഭ | മ | | | |
| p | f ph | b | bh B | m | | | |
| യ | ര | ല | വ | ശ | ഷ | സ | ഹ |
| y | r | l | v w | S z | sh | s | h |
| ള | ഴ | റ | | | | | |
| L | zh | R | | | | | |
| **ചില്ലുകൾ** | | | | | | | |
| ൻ | ൺ | ൽ | ൾ | ർ | | | |
| n~ n_ | N~ N_ | l~ l_ | L~ L_ | r~ R~ r_ R_ | | | |

---

മലയാളം വിക്കിപീഡിയയിൽ മലയാളം എഴുതുന്നതിനെ കുറിച്ച് വിവരിച്ചിട്ടുണ്ട്. അതും നോക്കുക.
http://ml.wikipedia.org

സംശയങ്ങളുള്ളവർ കൂടുതൽ വിവരങ്ങൾക്കായി എഴുതുക: tksujith@gmail.com
വിളിക്കാം: 9846012841